## നോർക്ക റൂട്ട്സ് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നാളെ (ജനു.20 ) തിരുവനന്തപുരത്ത്

വിദേശ രാജ്യങ്ങളിൽ തൊഴിലന്വേഷിക്കുന്നവർക്ക് നിയമപരവും സുരക്ഷിതമായ കുടിയേറ്റ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും തൊഴിൽ തട്ടിപ്പുകളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി നോർക്ക റൂട്ട്സ് സംഘടിപ്പിക്കുന്ന പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം (PDOP) ജനുവരി 20 ന് തിരുവനന്തപുരം ഗവൺമെന്റ് നഴ്സിങ് കോളേജിൽ (മെഡിക്കൽ കോളേജ്) നടക്കും.നോർക്ക റൂട്ട്സ് സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യും.

കോളേജ് പ്രിൻസിപ്പൽ ഡോ. ബിൻസി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അസിസ്റ്റന്റ് പ്രൊഫസർ ലക്ഷ്മി എ..എസ് സ്വാഗതവും, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ റീച്ച് പ്രോഗ്രാമിന്റെ സംസ്ഥാന മേധാവി ഇന്ദു എസ് കുമാർ നന്ദിയും പറയും. നോർക്ക റൂട്ട്സിനെ പ്രതിനിധീകരിച്ച് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി, റിക്രൂട്ട്മെന്റ് മാനേജർ ശ്യം. ടി.കെ എന്നിവരും പ്രോഗ്രാമിൽ സംബന്ധിക്കും. കോഴിക്കോട് ഗവൺമെന്റ് നഴ്സിങ് കോളേജിൽ (മെഡിക്കൽ കോളേജ്) ജനുവരി 27 നാണ് പ്രോഗ്രാം.

പൊതുനിയമവ്യവസ്ഥകൾ, വിദേശ സംസ്കാരം, ജീവിതരീതികൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാമ്പിങ്, തൊഴിൽ കുടിയേറ്റ നടപടികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയാണ് ഏകദിന പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നോർക്ക സംഘടിപ്പിച്ചു വരുന്നത്. നോർക്ക റൂട്ട്സിന്റെ ക്ഷേമപദ്ധതികൾ,സേവനങ്ങൾ, എന്നിവയെക്കുറിച്ച് അവബോധം നൽകാനും ഈ പരിപാടി സഹായിക്കുന്നു.

കേരളത്തിലെ വിവിധ നഴ്സിംഗ് കോളേജുകളിലാണ് ആദ്യഘട്ടമെന്ന നിലയിൽ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ നിലവിൽ ആരംഭിച്ചിട്ടുള്ളത്. ഇതുവരെ വിവിധ ജില്ലകളിലെ പത്തോളം നഴ്സിങ് കോളേജുകളിൽ നോർക്ക റൂട്ട്സിന്റെ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഭാഗമായ റീച്ച് ഫിനിഷിംഗ് സ്കൂളിന്റെ പിന്തുണയോടെയാണ് പരിശീലന പരിപാടി.

വിദേശ രാജ്യങ്ങളിലേക്ക് കുടിയേറാനുള്ള നടപടികളെപറ്റി വിദ്യാർത്ഥികളെ ബോധവത്കരിക്കുന്ന രീതിയിലാണ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. അക്കാദമിക് യോഗ്യതകൾ, സർട്ടിഫിക്കേഷനുകൾ, യോഗ്യതാ പരീക്ഷകൾ, ഭാഷാപരമായ ആവശ്യകതകൾ, ആവശ്യമായ പൊതു രേഖകൾ, തൊഴിൽ സാധ്യതകൾ, വിദേശത്തേക്ക് കുടിയേറുന്നതിന്റെ നേട്ടങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും.

കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) അല്ലെങ്കിൽ നോർക്ക റൂട്ട്സ് ഹെഡ്ഓഫീസ് 0471-2770500 (പ്രവൃത്തി ദിവസങ്ങളിൽ, ഓഫീസ് സമയത്ത്) ബന്ധപ്പെടാവുന്നതാണ്.